## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1491** **12-02-2025 - ൽ മറുപടിയ്ക്ക്**

## കൈപ്പമംഗലം മണ്ഡലത്തിലെ ഡിജിറ്റൽ സർവേ പൂർത്തീകരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കൈപ്പമംഗലം മണ്ഡലത്തിലെ ദേവസ്വം ഭൂമി പ്രശ്നങ്ങൾ, നികുതി ഒടുക്കാത്ത ഭൂമി പ്രശ്നങ്ങൾ, അതിർത്തി തർക്കങ്ങൾ, മിച്ചഭൂമി പ്രശ്നങ്ങൾ തുടങ്ങിയവ പരിഹരിക്കുന്നതിന് ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ചുള്ള ഡിജിറ്റൽ സർവേ മണ്ഡലത്തിൽ പൂർത്തീകരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കാമോയെന്ന് അറിയിക്കാമോ; | (എ) | തൃശ്ശൂർ ജില്ലയിൽ, കൊടുങ്ങല്ലൂർ താലൂക്കിൽ കൈപ്പമംഗലം മണ്ഡലത്തിൽ ഉൾപ്പെട്ട 12 വില്ലേജുകളിൽ ചെന്ത്രാപ്പിന്നി, എടത്തിരുത്തി എന്നീ വില്ലേജുകളെ ഡിജിറ്റൽ റീസർവെ പദ്ധതിയുടെ രണ്ടാം ഘട്ടത്തിലും പെരിഞ്ഞനം വില്ലേജിനെ മൂന്നാം ഘട്ടത്തിലും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡിജിറ്റൽ സർവെയുടെ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ചെന്ത്രാപ്പിന്നി വില്ലേജിൽ 92 ശതമാനവും , എടത്തിരുത്തി വില്ലേജിൽ 23.5 ശതമാനവും സർവെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. മൂന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പെരിഞ്ഞനം വില്ലേജിൽ പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. നിലവിലെ ഡിജിറ്റൽ സർവെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനോടൊപ്പം അടുത്ത ഘട്ടങ്ങളിൽ ശേഷിക്കുന്ന വില്ലേജുകൾ കൂടി ഉൾപ്പെടുത്തി മണ്ഡലത്തിലെ ഡിജിറ്റൽ റീസർവെ നടപടികൾ പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | മണ്ഡലത്തിൽ പട്ടയത്തിന് അപേക്ഷ നൽകിയവരിൽ പട്ടയം ലഭിക്കാത്ത എത്ര പേരുണ്ടെന്നും ആയത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്നും വ്യക്തമാക്കാമോ? | (ബി) | പട്ടയത്തിനായി അപേക്ഷിച്ചവരിൽ ഇനി 149 പേർക്കു കൂടി പട്ടയം ലഭിക്കാനുണ്ട്. കൂടുതൽ പരിശോധന ആവശ്യമുള്ള 23 അപേക്ഷകൾ ഒഴിച്ച് ബാക്കിയുള്ള 126 അപേക്ഷകളിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ